# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 744 — 28.02.2018 -ലെ മറുപടി

**ഭൂഗർഭ ജല നിരപ്പ് കുറയുന്നതിനെക്കുറിച്ചുള്ള പഠനം**

| ചോദ്യം<br>ശ്രീ.പി.ടി. തോമസ്<br>,, വി.ടി. ബൽറാം | | | മറുപടി<br>മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | ചെങ്കൽ കുന്നുകളിൽ വൻ തോതിലുള്ള ഖനന പ്രവർത്തനം നടത്തുന്നത് ഭൂഗർഭ ജല നിരപ്പ് കുറയുവാൻ ഇടയാകും എന്ന് കണ്ടെത്തിയിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് ഇടനാട്, മലനാട് പ്രദേശങ്ങളിലെ പ്രധാനപ്പെട്ട ജലഭൃതം (Aquifer) ആണ് വെട്ടുകല്ല് അഥവാ ചെങ്കല്ല് (Laterite) ഇത്തരം പ്രദേശങ്ങളിൽ വൻതോതിൽ ഖനനം നടത്തുന്നത് ആ പ്രദേശത്തെ ഭൂജല സമ്പത്തിനെയും, ഭൂജല സംപോഷണത്തെയും പ്രതികൂലമായി ബാധിക്കാവുന്നതാണ്. ഈ വിഷയത്തിൽ പഠനങ്ങളൊന്നും തന്നെ ഭൂജല വകുപ്പ് നടത്തിയിട്ടില്ല. കളക്ടർ ചെയർമാനായി രൂപീകൃതമായിട്ടുള്ള കേന്ദ്ര സർക്കാരിന്റെ District Appraisal Committee Environmental clearance for mining കമ്മിറ്റിയിൽ ഖനനം മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) | ഇതു സംബന്ധിച്ച് ഭൂഗർഭ ജല വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | ബി) | ചെങ്കൽ കുന്നുകളിൽ വൻതോതിലുള്ള ഖനനം സംബന്ധിച്ച് ഭൂജലവകുപ്പ് നേരിട്ട് പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. |
| സി) | പ്രസ്തുത ഖനനം നിമിത്തം സമീപ പ്രദേശത്തെ കിണറുകളിലെ ജല നിരപ്പ് താഴുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭൂഗർഭ ജലത്തിന്റെ അളവിലുണ്ടാകുന്ന വ്യതിയാനം കണ്ടെത്തുന്നതിനും അത് പരിഹരിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | പ്രസ്തുത ഖനനം നിമിത്തം സമീപ പ്രദേശത്തെ കിണറുകളിലെ ജലനിരപ്പ് താഴുന്നതായ പരാതികൾ ഭൂജല വകുപ്പിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ